**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2155** **09-02-2023 - ൽ മറുപടിയ്ക്ക്**

**അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസവും ഗവേഷണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ ഉന്നത വിദ്യാഭ്യാസവും ഗവേഷണവും അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന്റെ ഭാഗമായി NAAC/KUHS അക്രഡിറ്റേഷൻ ലഭ്യമാക്കുവാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് NAAC/KUHS അക്രഡിറ്റേഷൻ ഗൈഡ് ലൈൻ പ്രകാരം ആവശ്യമായ ക്രമീകരണങ്ങൾ അടിയന്തിരമായി നടപ്പാക്കി വരുന്നു. അതോടൊപ്പം തന്നെ രോഗീ പരിചരണത്തിലെ ഗുണനിലവാരം ഉയർത്തുന്നതിനായി NABH അക്രഡിറ്റേഷൻ നേടുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.<br><br>മെഡിക്കൽ കോളേജുകളിലെ ഗവേഷണം മെച്ചപ്പെടുത്തുന്നതിനായി 'സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ച്' പ്രവർത്തിച്ചുവരുന്നു. ആയതിന്റെ പ്രവർത്തനത്തിലേക്കായി ഈ വർഷം 2.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. SBMR ന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരു സംസ്ഥാനതല ഓഫീസ് സജ്ജമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ മുന്നോട്ടു പോകുന്നുണ്ട്. സംസ്ഥാനത്ത് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ICMR) മാതൃകയിൽ മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മൽസരാടിസ്ഥാനത്തിൽ ഗവേഷണത്തിനായുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കാനും അവയിൽ തെരഞ്ഞെടുക്കപ്പെടുന്ന മികച്ച പ്രൊപ്പോസലിന് ഗ്രാന്റ് അനുവദിക്കാനും SBMR ലക്ഷ്യം വയ്ക്കുന്നു. SBMR ഗ്രാന്റ് ഉപയോഗിച്ച് പൂർത്തിയാക്കുന്ന പഠനങ്ങൾ അന്താരാഷ്ട്ര നിലവാരമുള്ള ജേർണലുകളിൽ പ്രസിദ്ധപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | **SBMR** ന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മെഡിക്കൽ ഗവേഷണ രംഗത്ത് പ്രാവീണ്യം ലഭിച്ച മറ്റ് സ്ഥാപനങ്ങളിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കുകയും, ആനുകാലിക പ്രസക്തിയുള്ള ആരോഗ്യ സംബന്ധമായ ഗവേഷണ വിഷയങ്ങൾ കാലാനുസൃതമായി കണ്ടെത്തി അതിൽ ഊന്നൽ നൽകിക്കൊണ്ട് പഠനങ്ങൾ നടത്തുവാനും ഉദ്ദേശിക്കുന്നുണ്ട്.<br><br>അതുപോലെ തന്നെ മെഡിക്കൽ ഇന്നോവേഷൻ ടെക്നോളജിയിൽ കൺസോർഷ്യം രൂപീകരിച്ച് മെഡിക്കൽ മേഖലയിലെ പുതിയ ഗവേഷണവും നൂതന ചികിത്സാ ഉപകരണങ്ങളും പുതിയ ആശയങ്ങളും കൈക്കൊണ്ട് അവയെ പ്രാവർത്തികമാക്കുന്നതിനായി **K-DISC** ന്റെ സഹകരണത്തോടെ നടപടികൾ സ്വീകരിച്ച് വരുന്നു. **K-DISC** സംഘടിപ്പിക്കുന്ന 'യങ്ങ്' ഇന്നോവേറ്റേഴ്സ് മീറ്റിൽ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളും ഗവേഷണരംഗത്തെ പുതിയ ആശയങ്ങളും എത്തിച്ച് അതിന് സാങ്കേതിക വിദ്യയുടെ സഹായത്തോടെ നൂതനമായ പരിഹാരങ്ങൾ കാണാനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.<br><br>**SBMR** ന്റെ ഭാഗമായി ഗവേഷണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഫാക്കൽറ്റിക്കുവേണ്ടി സെമിനാറുകളും മെഡിക്കൽ തുടർവിദ്യാഭ്യാസ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. മെഡിക്കൽ പി.ജി. വിദ്യാർത്ഥികൾക്ക് ഗവേഷണത്തിലുള്ള നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഗവേഷണരീതിശാസ്ത്രത്തിൽ പ്രത്യേക ട്രെയിനിംഗ് നൽകി വരുന്നു. |
| (ബി) | ആരോഗ്യ മേഖലയെ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമാക്കത്തക്ക നിലയിൽ സ്വകാര്യ മേഖലയിൽ നിന്നുൾപ്പെടെയുള്ള വലിയ നിക്ഷേപ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ശിപാർശകൾ ഒന്നും തന്നെ ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (സി) | മെഡിക്കൽ ടൂറിസ്റ്റ് ഹബ്ബ് ആയി സംസ്ഥാനത്തെ മാറ്റുന്നതിന് എന്തെല്ലാം പുതിയ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ